## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4284 24/10/2016-ൽ മറുപടിയ്ക്ക്

### അനസ്തേഷ്യ ടെക്നീഷ്യൻ/ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ തസ്തിക

| ചോദ്യം<br><br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br><br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | ഓപ്പറേഷൻ തിയേറ്റർ മെക്കാനിക്കിന്റെ അഭാവത്തിൽ ആരാണ് ജോലികൾ ചെയ്യുന്നത്; പ്രസ്തുത തസ്തികയിലേക്ക് സമയബന്ധിതമായി റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുമോ; | എ | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ വൈദഗ്ദ്ധ്യമുള്ള നഴ്സിംഗ് അസിസ്റ്റന്റുമാരും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച അറ്റൻഡർമാരുമാണ് ഓപ്പറേഷൻ തിയേറ്റർ മെക്കാനിക്കിന്റെ അഭാവത്തിൽ ജോലികൾ ചെയ്യുന്നത്. ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി | നിലവിൽ അനസ്തേഷ്യ ടെക്നീഷ്യൻ/ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ അനുവദനീയമായി ഉണ്ട് എന്നറിയിക്കുമോ; അനുബന്ധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത തസ്തികകളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ അഭാവത്തിൽ ആരാണ് അശുപത്രിയിലെ ബന്ധപ്പെട്ട ജോലികൾ ചെയ്തുവരുന്നത്; | ബി | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ തസ്തികകൾ നിലവിലില്ല. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ നിലവിൽ 18 ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ ഒഴിവുകൾ നിലവിലുണ്ട്.<br>ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.<br>പ്രസ്തുത തസ്തികകളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ അഭാവത്തിൽ പരിശീലനം സിദ്ധിച്ച അറ്റൻഡർമാർ ജോലി ചെയ്തു വരുന്നു. |
| സി | അത്യാധുനിക ഉപകരണങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കാൻ സാങ്കേതികവൈദഗ്ദ്ധ്യം നേടിയവരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | സി | ആരോഗ്യ വകുപ്പിന് കീഴിൽ ബന്ധപ്പെട്ട ടെക്നീഷ്യൻ /മെക്കാനിക്കുമാരും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ ബയോ മെഡിക്കൽ എൻജിനീയർമാരുമാണ് അത്യാധുനിക ഉപകരണങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. |
| ഡി | അനസ്തേഷ്യ ടെക്നീഷ്യൻ/ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ എന്നീ തസ്തികകളിലേക്ക് പി.എസ്.സി, മുഖാന്തിരം നിയമനം നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര നാൾക്കുള്ളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ? | ഡി | മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള ഒഴിവുകൾ പി.എസ്.സിയ്ക്കു റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എത്രയും വേഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ആഫീസർ